**പതിനാലാം കേരള നിയമസഭ**

**11-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2117** **11.06.2018-ൽ മറുപടിയ്ക്ക്**

**കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച തീരദേശ പരിപാലന ചട്ടങ്ങൾ സംബന്ധിച്ച കരട് നിയമം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എസ്.ശർമ്മ** | **പിണറായി വിജയൻ** (മുഖ്യമന്ത്രി) |
| (എ) തീരദേശ പരിപാലന ചട്ടങ്ങൾ സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച കരട് നിയമത്തിൽ ഭേദഗതികൾ വേണമെന്ന ആവശ്യം സംസ്ഥാന സർക്കാർ ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (എ) തീരദേശ പരിപാലന ചട്ടങ്ങൾ സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച കരട് നിയമം സംബന്ധിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും 16.06.2018 നകം സമർപ്പിക്കണമെന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കരട് നിയമം സംബന്ധിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും തയ്യാറാക്കി 11.6.2018 ന് മുമ്പ് ലഭ്യമാക്കുവാൻ വിവിധ വകുപ്പുകൾക്ക് (വ്യവസായം, ടൂറിസം, തദ്ദേശ സ്വയം ഭരണം, ഫിഷറീസ്) നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതു ലഭ്യമായാലുടനെ ക്രോഡീകരിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നിശ്ചിത സമയത്തിനുള്ളിൽ കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**